LIBRARY ARCHIVES Kerala Legislative Assembly

പറമ്പിക്കുളം ആദിവാസി മേഖലയിലെ വൈദ്യുതി വിതരണം

102 (469) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നെന്മാറ നിയോജകമണ്ഡലത്തിലെ പറമ്പിക്കുളം ആദിവാസി മേഖലയിലെ മുഴുവൻ ഊരുകളിലും വൈദ്യുതി എത്തിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

പറമ്പിക്കുളം ആദിവാസി മേഖലയിലെ അഞ്ച് കോളനികളിൽ കേന്ദ്ര സർക്കാരിന്റെ രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകിരൺ യോജനയിലെ ഡിസ്ട്രിബ്യൂട്ടഡ് ഡിസെൻടലൈസ്ഡ് ജനറേഷൻ പദ്ധതി (ഡി.ഡി.ജി.) പ്രകാരം 0.047 മെഗാവാട്ടിന്റെ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

കുറവിലങ്ങാട് കെ.എസ്.ഇ.ബി. ഓഫീസ് നിർമ്മാണം

103 (470) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറവിലങ്ങാട് വൈദ്യുതി ഭവൻ നിർമ്മാണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ ; ഈ പദ്ധതി നടപ്പാക്കുന്നതിന് കെ.എസ്.ഇ.ബി. അനുമതി നൽകിയിട്ടുണ്ടോ ; പദ്ധതി നടപ്പാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ ;

(ബി) കുറവിലങ്ങാട് 66 കെ.വി. സബ് സ്റ്റേഷൻ കോമ്പൗണ്ടിൽ വൈദ്യുതി ഭവൻ നിർമ്മാണത്തിന് അനുവാദം നൽകിയിട്ടുണ്ടോ ; ഇത് എന്നേക്ക് നടപ്പിലാക്കും എന്നറിയിക്കാമോ ; ഇതുസംബന്ധിച്ച് ഫയൽ ഇപ്പോൾ ആരുടെ പരിഗണനയിലാണ് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കുറവിലങ്ങാട് 66 കെ.വി. സബ്സ്റ്റേഷൻ പരിസരത്ത് കുറവിലങ്ങാട് സബ്ഡിവിഷൻ/സെക്ഷൻ എന്നീ ഓഫീസുകൾക്കായി കെട്ടിടം നിർമ്മിക്കുന്നതിന് വൈദ്യുതി ബോർഡ് ലിമിറ്റഡ് തീരുമാനമെടുത്തിട്ടുണ്ട്. നാഷണൽ ഗെയിംസ് വില്ലേജിൽ നിന്നും കെ.എസ്.ഇ.ബി.എൽ.-ന് അനുവദിച്ചിട്ടുള്ള പ്രീ-ഫാബ്രിക്കേറ്റഡ് യൂണിറ്റുകൾ ഉപയോഗിച്ച് പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. അധികം കാലതാമസമില്ലാതെ തന്നെ ടി കെട്ടിടം പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇതുസംബന്ധിച്ച ഫയൽ കൈകാര്യം ചെയ്യുന്നത് വൈദ്യുതി ബോർഡ് വിതരണവും സുരക്ഷയും വിഭാഗം ഡയറക്ടറുടെ ഓഫീസിലാണ്.